(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും 50% കേന്ദ്ര സഹായമുള്ള പദ്ധതികൾക്കുംവേണ്ടി ഈ വർഷം പദ്ധതി ചെലവിനായി നീക്കിവച്ച തുക എത്ര;

(എഫ്) 1999 സെപ്റ്റംബർ 30 വരെ ഇതിൽനിന്നും എത്ര തുക ചെലവായി?

ഉത്തരം

(എ) 1020 കോടി രൂപ.

(ബി) ഗ്രാമപഞ്ചായത്തുകൾ 7,20,24,654 രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 22,73,12,248 രൂപയും ചെലവഴിച്ചു. അനുവദിക്കപ്പെട്ട തുകയിൽ 25%-നും 30%-നും ഇടയിൽ നഗരസഭകൾ ചെലവാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളേയും കോർപ്പറേഷനുകളേയും സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) 107.51 കോടി രൂപ വകകൊള്ളിച്ചിരുന്നു.

(ഡി) 18.17 കോടി രൂപ ചെലവായി.

(ഇ) 518.48 കോടി രൂപ.

(എഫ്) 142.17 കോടി രൂപ ചെലവായിട്ടുണ്ട്. (ഇത് താൽക്കാലിക കണക്കനുസരിച്ചാണ്)

328 (1521) ജനകീയാസൂത്രണം സംബന്ധിച്ച പരാതികളിൻമേൽ അന്വേഷണം

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ ജനകീയാസൂത്രണം സംബന്ധിച്ച പരാതികളിന്മേൽ പഞ്ചായത്ത് ഡയറക്ടറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അന്വേഷണം നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ അഴിമതി നടന്നുവെന്ന് കണ്ടെത്തിയെന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണ റിപ്പോർട്ട് അനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലെ ജനകീയാസൂത്രണ നടത്തിപ്പിലെ പരാതികളിന്മേൽ അന്വേഷണം നടത്തി;

(ഇ) അന്വേഷണ റിപ്പോർട്ടിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) അതിയന്നൂർ, വാമനപുരം, വെള്ളനാട്, ഇടുക്കി, അടിമാലി, കാഞ്ഞിരപ്പള്ളി, ചടയമംഗലം, ഇടപ്പള്ളി, ചാലക്കുടി, കൊടുങ്ങല്ലൂർ, തളിപ്പറമ്പ്, മലപ്പുറം എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലെ ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച പരാതികളിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അതിയന്നൂർ, കാഞ്ഞിരപ്പള്ളി, വാമനപുരം എന്നീ ബ്ലോക്കു പഞ്ചായത്തുകളെ സംബന്ധിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. സർക്കാരിന് ധനപരമായുണ്ടായ നഷ്ടം, ആയതിന് ഉത്തരവാദികളായവരിൽനിന്നും ഈടാക്കാനും നടപടികളുണ്ടായിട്ടുണ്ട്.

329 (1522) ജനകീയാസൂത്രണ പദ്ധതി

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി ആരംഭിച്ചതെന്നാണ്;

(ബി) ഈ പദ്ധതിയ്ക്കുവേണ്ടി ഓരോവർഷവും നീക്കിവച്ച തുക എത്രയാണ്;

(സി) ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്രവീതമാണ്;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടിയിരുന്ന വിഹിതമെത്ര;

(ഇ) ജനകീയാസൂത്രണം പരിപൂർണ്ണ വിജയമായിരുന്നോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(എഫ്)എങ്കിൽ ഈ വിലയിരുത്തലിനു സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു;

(ജി) വിലയിരുത്തലിന്റെ ഫലം എന്തെന്ന് വിശദീകരിക്കുമോ;

(എച്ച്) ജനകീയാസൂത്രണത്തിന്റെ നടത്തിപ്പിനെപ്പറ്റി അന്വേഷിച്ച് അത് കൂടുതൽ ഫലപ്രദവും വിജയകരവും കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുമോ?

ഉത്തരം

(എ) 1997-98 സാമ്പത്തികവർഷത്തിലാണ് ആരംഭിച്ചത്.

(ബി) 1997-98-ൽ 749 കോടി രൂപ. 1998-99-ൽ 950 കോടി രൂപ. 1999-2000-ൽ 1020 കോടി രൂപ.

(സി)&(ഡി) ഇതു പൂർണ്ണമായും സംസ്ഥാന വിഹിതമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിവിധ പരിപാടികൾക്കുള്ള വിഹിതം ജനകീയാസൂത്രണവുമായി ഉദ്ഗ്രഥനം നടത്തുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കൽ, നിർവ്വഹണം, പദ്ധതിച്ചെലവ്, പദ്ധതിവിഹിത വിനിയോഗം എന്നിവയുടെ വിലയിരുത്തലുകൾ.

LIBRARY ARCHIVES Kerala Legislative Assembly